## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *533.** **19.05.2017 ൽ മറുപടിയ്ക്ക്**

## മദ്യവർജ്ജന ബോധവൽക്കരണ പരിപാടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| **ഡോ.എൻ. ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**,, മോൻസ് ജോസഫ്**<br>**,, സി.എഫ്.തോമസ് :** | | | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് മദ്യവർജ്ജന ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായി നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഫലപ്രദമായി നടക്കുന്നുണ്ട്. അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. മദ്യ, ലഹരി വസ്തുക്കൾ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ ബോധ വത്ക്കരണം നടത്തുന്നതിന് വൈവിധ്യമാർന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാന തലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്ത |

| | | | |
|---|---|---|---|
| | | | ത്തോട്ടുകൂടി ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം ബോധവൽക്കരണത്തിനായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ; | (ബി) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് 6.10.2016 ലെ ജി.ഒ.(എം.എസ്) 94/2016/നി.വ.ഉത്തരവ് പ്രകാരം കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" പദ്ധതി സംസ്ഥാന സർക്കാർ രൂപവത്ക്കരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ ഡി-അഡിക്ഷൻ സെന്ററുകളുടെ ഭാരവാഹികളെ ഉൾപ്പെടുത്തി ഡി-അഡിക്ഷൻ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു ശിൽപ്പശാല 21.12.2016 ന് തിരുവനന്തപുരം ഐ.എം.ജി.യിൽ വച്ച് ബഹു: എക്സൈസ് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നടത്തി. എക്സൈസ് വകുപ്പിന്റെ കീഴിൽ വിപുലമായ സംവിധാനങ്ങളോടെ ഒരു ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രികളോടനുബന്ധിച്ച് ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകളിലും ജനുവരി 30 ന് സ്കൂൾ അസംബ്ലികളിൽ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി. ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടില്ലാത്ത സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി/ഹൈസ്കൂൾ എന്നിവിടങ്ങളിൽ ഈ വിദ്യാഭ്യാസ വർഷത്തിൽ തന്നെ ക്ലബ്ബുകൾ രൂപീകരി |

| | | | |
|---|---|---|---|
| | | | ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജനുവരി 12 ന്റെ ദേശീയ യുവജനദിനത്തിന്റെ ഭാഗമായി തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ വച്ച് തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ/ഹയർ സെക്കന്ററി/കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് "ലഹരിക്കെതിരെ യുവത്വം" എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ രചനാ മത്സരം സംഘടിപ്പിച്ചു.<br>സംസ്ഥാനത്തെ കുടുംബശ്രീ പ്രവർത്തകർ, അയൽക്കൂട്ടങ്ങൾ എന്നിവരുടെ സഹകരണത്തോടെ ലഹരിവിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന വിമുക്തി സ്റ്റിക്കർ സംസ്ഥാനത്തെ മുഴുവൻ വീടുകളിലും പതിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി മാർച്ച് 8 വനിതാദിനത്തിൽ സംസ്ഥാനതല ഉദ്ഘാടനം ശാസ്തമംഗലത്തു വച്ച് ബഹു:എക്സൈസ് വകുപ്പ് മന്ത്രി നിർവ്വഹിച്ചു. വീടുകളിൽ പതിക്കുന്നതിനുവേണ്ടി 40 ലക്ഷം സ്റ്റിക്കർ പ്രിന്റ് ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു.<br>എഫ്.എം. റേഡിയോയിലൂടെ ലഹരിവിരുദ്ധ സന്ദേശം 21.3.2017 മുതൽ 26.03.2017 വരെ കാലയളവിൽ പ്രക്ഷേപണം ചെയ്തിട്ടുണ്ട്. ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തെരഞ്ഞെടുത്ത 40 സ്ഥലങ്ങളിൽ 18.3.2017 മുതൽ 23.3.2017 വരെ കയ്യുറ പാവ നാടകം നടത്തി. ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി നാഷണൽ സർവ്വീസ് സ്കീമിന്റെ |

| | | | |
|---|---|---|---|
| | | | സഹകരണത്തോടെ സംസ്ഥാനത്തെ 14 ജില്ലകളിലെയും കോളേജുകളിൽ കലാജാഥകൾ, ക്യാമ്പുകൾ എന്നിവ നടത്തി വരുന്നു. കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ലഹരിക്കെതിരെയുള്ള ബോധവത്ക്കരണം നടത്തുന്നതിനായി ഷോർട്ട്ഫിലിം മത്സരത്തിനുള്ള അറിയിപ്പ് പ്രധാന പത്രങ്ങളിലൂടെയും നവമാധ്യമങ്ങളിലൂടെയും നൽകിയിട്ടുണ്ട്. വിജയികൾക്ക് സമ്മാനവും സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നതാണ്. |
| (സി) | സമൂഹത്തിൽ ഊർജിതവും വ്യാപകവുമായ പ്രചരണവും ബോധവൽക്കരണവും ഉറപ്പ വരുത്തുന്ന വിധത്തിൽ സ്കൂൾ തലത്തിൽ മുതൽ മദ്യവർജ്ജന ബോധവൽക്കരണ പരിപാടി കാര്യക്ഷമമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വൈവിദ്ധ്യമാർന്ന ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. സ്കൂൾ/ കോളേജ് കാമ്പസുകളുടെ 100 വാര പരിധിയ്ക്കുള്ളിൽ "കോട്പാ" നിയമപ്രകാരം പുകയില ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെയും മറ്റ് ലഹരികളുടെയും ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" യ്ക്ക് രൂപം നൽകിയിട്ടുണ്ട്. സ്കൂൾ/ കോളേജുകളിൽ സംസ്ഥാനതലത്തിൽ 2542 ലഹരി വിരുദ്ധ ക്ളബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പേരോ, മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ തന്നെ ലഹരി വസ്തുക്കളുടെ വിൽപ്പനയും ഉപയോഗത്തിനുമെതിരെയുള്ള പരാതികളും വിവരങ്ങളും അധികൃതരെ അറിയിക്കുന്നതിന് 1400-ഓളം പരാതിപ്പെട്ടികൾ സ്കൂൾ/ |

| | | | |
|---|---|---|---|
| | | | കോളേജ് കാമ്പസുകളിൽ സ്ഥാപിച്ചിട്ടുണ്ട്. 2014-15, 2015-16, 2016-17 എന്നീ അദ്ധ്യയന വർഷങ്ങളിൽ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ളാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ലഹരിവിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ 2017-18 അദ്ധ്യായന വർഷം സ്കൂൾ പാഠ്യപദ്ധതിൽ ഉൾപ്പെടുത്തുവാൻ വേണ്ടി വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ മികച്ച ലഹരി വിരുദ്ധക്ലബ്ബ്, ക്ലബ്ബ് അംഗം, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച മാഗസിൻ, മാഗസിനിലെ സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും നൽകി വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ